"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - 'സാന്ത്വന' പദ്ധതി - പാലക്കാട് ജില്ല- ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.383/2025/NORKA തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:-

1. സ.ഉ.(കൈ.) നമ്പർ 4/2003/നോർക്ക തീയതി 30.10.2003
2. സ.ഉ.(കൈ.) നമ്പർ 2/2005/നോർക്ക തീയതി 27.05.2005
3. സ.ഉ.(കൈ.) നമ്പർ 4/2013/നോർക്ക തീയതി 01.06.2013
4. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.03.2025 തീയതിയിലെ റൂട്ട്സ്/2217/2024/WAD1(A) നമ്പർ കത്ത്.

**ഉത്തരവ്**

'സാന്ത്വന' പദ്ധതി പ്രകാരം ധനസഹായം അഭ്യർത്ഥിച്ച് പാലക്കാട് ജില്ലയിൽ നിന്നും ശ്രീ. ഹരിദാസൻ പി. (സാന്റ് നമ്പർ: 33674) സമർപ്പിച്ച അപേക്ഷയിന്മേൽ, നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചും അപേക്ഷകന്റെ തനതു പരിതസ്ഥിതികളും കൂടി കണക്കിലെടുത്തും ചികിത്സാ ധനസഹായമായി ₹30,000/- (മുപ്പതിനായിരം രൂപ മാത്രം) അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

2. മേൽ പരാമർശിക്കുന്ന അപേക്ഷകന് സാന്ത്വന പദ്ധതി പ്രകാരം മുൻപ് ധനസഹായം നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനുവദിച്ച തുക അപേക്ഷകന് നൽകുന്നതിനാവശ്യമായ നടപടികൾ നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമേഷ് കുമാർ സി
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
(അപേക്ഷയുടെ അസ്സൽ ഉള്ളടക്കം ചെയ്യുന്നു)
സെന്റർ മാനേജർ, നോർക്ക-റൂട്ട്സ് മേഖല കാര്യാലയം, എറണാകുളം.
(ധനസഹായം അനുവദിച്ച വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ (ബി3/335/2024/നോർക്ക) / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 04-04-2025 15:45:49
സെക്ഷൻ ഓഫീസർ